സീതി

# പനിപ്പറമ്പിൽ മുഹമ്മദ് കുട്ടി ഇസ്മാഈലിന്റെ ഐഡന്റിറ്റി ക്രൈസിസ്

**എറണാകുളത്തെ** പോളിംഗ് ബൂത്തിൽ പനിപ്പറമ്പിൽ മുഹമ്മദ് കുട്ടി ഇസ്മാഈൽ എന്ന മമ്മൂട്ടി വോട്ട് ചെയ്യാൻ കഴിയാതെ അരമണിക്കൂറോളം കാത്തുനിന്നത് പത്ര വായനക്കാർക്ക് നല്ലൊരു കൗതുകമായിരുന്നു. ഐഡന്റിറ്റി കാർഡ് എടുക്കാൻ മറന്നതായിരുന്നു മമ്മൂട്ടിക്ക് പറ്റിയ വിന. സാക്ഷാൽ പ്രധാനമന്ത്രി വരെ കീശയിൽ കാർഡും കരുതി വോട്ട് ചെയ്യാൻ ക്യൂ നിൽക്കുന്ന നാട്ടിൽ മമ്മൂട്ടിയെ മാത്രം ഒഴിവാക്കിക്കൊടുക്കാൻ ഇത് ഷാജി കൈലാസ് പടമൊന്നുമല്ലല്ലോ.

പുളിച്ച ചിരിയുമായി പോളിംഗ് ബൂത്തിന് പുറത്ത് കാർഡ് വരുന്നതും കാത്ത് നിൽക്കുന്ന മമ്മൂട്ടിയുടെ പടം ആരും അത്ര പെട്ടെന്ന് മറക്കില്ല. നമ്മുടെ ജനാധിപത്യത്തിന്റെ ഒരു കരുത്തേ, എന്ന് പലരും ആശ്ചര്യപ്പെട്ടിട്ടുണ്ട്. മിനിറ്റിന് ലക്ഷങ്ങൾ എണ്ണി വാങ്ങുന്ന താരരാജാവ് വെറുമൊരു എൽ.ഡി ക്ലർക്കോ മറ്റോ ആയ പോളിംഗ് ഓഫീസറുടെ മുന്നിൽ അരമണിക്കൂറിലേറെയല്ലേ കാത്തുനിന്നത്. ഐഡന്റിറ്റി കാർഡിന്റെയൊരു വമ്പേ!

ഐഡന്റിറ്റി കാർഡ് മാത്രമല്ല, ഐഡന്റിറ്റി തന്നെ ഒരു പ്രശ്നമാണെന്ന് തിരിച്ചറിയാൻ പക്ഷേ, രണ്ടാഴ്ചയേ വേണ്ടി വന്നുള്ളൂ. ഇത്തവണ വോട്ട് ചെയ്യുമ്പോഴല്ല, വോട്ടു പിടിക്കാൻ പോയപ്പോഴാണ് പുക്കാറ് പിടികൂടിയത്. അങ്ങ് ന്യൂയോർക്കിൽ ഏതോ പ്രാദേശിക തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കൂട്ടുകാരന് വോട്ടു പിടിക്കാൻ പോയതാണ് മമ്മൂട്ടി. പാസ്പോർട്ട് എന്ന ഐഡന്റിറ്റി കാർഡാണ് ഇത്തവണ വില്ലൻ. ആള് മമ്മൂട്ടിയാണെങ്കിലും രേഖയിൽ പനിപ്പറമ്പിൽ മുഹമ്മദ് കുട്ടി ഇസ്മാഈൽ ആണ്. ന്യൂയോർക്കിലെ ഏമാൻമാർക്ക് അത് അത്ര പിടിക്കില്ല. പതിനാല് നൂറ്റാണ്ട് മുമ്പ് ഇസ്മാഈലിന്റെ പുത്രപരമ്പരയിൽ പെട്ടു എന്നതുകൊണ്ട് മാത്രം മുഹമ്മദ് എന്ന പ്രവാചകനെ മുച്ചൂടും തള്ളിപ്പറഞ്ഞവരുടെ പിന്മുറക്കാരാണ്. വീണ്ടും ഒരു മുഹമ്മദ് കുട്ടി ഇസ്മാഈലോ? അവർക്ക് അത്ര പെട്ടെന്ന് ദഹിക്കില്ല.

നടനാണേ, താരമാണേ, പത്മശ്രീയാണേ, ഭരത് മമ്മൂട്ടിയാണേ; പറയാൻ പറ്റുന്നതൊക്കെ പറഞ്ഞുനോക്കി. എന്ത് പറഞ്ഞാലും ആള് മുഹമ്മദ് കുട്ടി ഇസ്മാഈലല്ലേ, കിടക്കവിടെ. എറണാകുളത്തെ ബൂത്തിൽ ഐഡന്റിറ്റി കാർഡ് മറന്നതിന്റെ പേരിൽ അരമണിക്കൂറാണ് പോയതെങ്കിൽ ന്യൂയോർക്കിൽ ഐഡന്റിറ്റി തെളിയിച്ചതിന്റെ പേരിൽ പോയത് മണിക്കൂർ രണ്ട്. വലതു കൈ ഉയർത്തി, കണ്ണുകൾ മിഴിച്ച് പിൻഭാഗത്തെ തലമുടിയൊന്ന് പൊക്കിയിളക്കി ഇടതുകൈകൊണ്ട് മീശയൊന്ന് പിരിച്ച് ഞൊറിച്ച് ഒരു കിടിലൻ ഡയലോഗ് വിട്ടാലോ എന്നു തോന്നിയതാണ്; പക്ഷേ, അതങ്ങ് മലയാളത്തിൽ. ന്യൂയോർക്കിൽ ചെലവാകില്ലല്ലോ. അവസാനം കോൺസുലേറ്റ് തന്നെ ഇടപെടേണ്ടി വന്നു. ഈ ഇരിക്കുന്നത് അൽഖയിദയല്ല എന്ന് ഔദ്യോഗിക സർട്ടിഫിക്കറ്റ് വന്നിട്ടേ താരകുമാരന് മുറിവിട്ടു പുറത്തുവരാൻ പറ്റിയുള്ളൂ.

വീണ്ടും ആ പുളിച്ച ചിരി. ഇത്തവണ പുളി ഇച്ചിരി കൂടുതലാണ്. സാധാരണ സംഭവം; കുഴപ്പമൊന്നുമില്ല എന്നാണ് വിപ്ലവ ചാനലിന്റെ അധിപൻ കൂടിയായ മാന്യദേഹം പ്രതികരിച്ചത്. ഡി.വൈ.എഫ്.ഐ ഇല്ലാത്തത് കൊണ്ടാണ് ഗുജറാത്തുണ്ടായത് എന്നു പറഞ്ഞ ആ പഴയ ചെന്നൈ വിപ്ലവമൊക്കെ ന്യൂയോർക്കിൽ എങ്ങോ ഒലിച്ചു പോയി. (എന്നാലും ന്യൂയോർക്കിൽ ഒരു ഡി.വൈ.എഫ്.ഐ യൂനിറ്റ് ഉണ്ടായിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ?) ന്യൂയോർക്ക് എയർപോർട്ട് അധികൃതരുടെ സാമ്രാജ്യത്വ മൂരാച്ചി നയത്തിനെതിരെ എം.ബി രാജേഷിന്റെ ഒരു പ്രസ്താവനയെങ്കിലും പ്രതീക്ഷിച്ചതാണ്; അതും ഉണ്ടായില്ല. സാംസ്കാരിക നായകർ കാര്യം അറിഞ്ഞതേയില്ല. ഇന്ത്യയുടെ ദേശീയ ബഹുമതികൾ ധാരാളം നേടിയ ഒരു കലാകാരനെയാണ് ഇങ്ങനെ അപമാനിച്ചിരിക്കുന്നത്. ദേശീയവാദികളുടെ ഉത്തുംഗ ജാഗ്രതകൾ ഒന്നും കണ്ടില്ല. ഒരു കവിതയും പിറന്നു വീണില്ല, ഒരു ഉത്കണ്ഠയും രേഖപ്പെടുത്തപ്പെട്ടില്ല; എന്തിന് സ്വന്തം ചാനലിൽ പോലും ഒരു ടോക് ഷോക്ക് ബ്രിട്ടാസ് കനിഞ്ഞില്ല.

സാക്ഷാൽ പ്രധാനമന്ത്രിയുടെ സംഘത്തിൽ പെട്ട ആളെപ്പോലും പേര് മേൽപറഞ്ഞത് പോലെയൊന്നായിപ്പോയി എന്നതിന്റെ പേരിൽ തൂക്കി പുറത്തിട്ടവരാണ്. പ്രധാനമന്ത്രിയുടെ സ്വന്തം മേൽവിലാസ നഗരമായ ഗുവാഹത്തിയിൽ നിന്നുള്ള പത്രപ്രവർത്തകനാണ്. പറഞ്ഞിട്ടെന്ത്, പേര് ഹൈദർ ഹുസൈൻ! അൽഖയ്ദയിൽ കുറഞ്ഞൊന്നുമാകാൻ ഇടയില്ല. സ്വന്തം സംഘാംഗങ്ങളിലൊരാളെ തൂക്കി പുറത്തിട്ടിട്ടും ഞളുത്ത ആ കഞ്ഞിച്ചിരി ചിരിക്കാനല്ലാതെ പ്രധാനമന്ത്രിക്ക് ഒന്നിനും കഴിഞ്ഞില്ല. അങ്ങനെയൊരു പ്രധാന മന്ത്രിയുടെ നാട്ടിൽ മുഹമ്മദ് കുട്ടി ഇസ്മാഈലിനെന്തു കാര്യം?

ഇങ്ങനെയൊന്നും പറയാൻ പാടില്ല എന്നാണ് നാട്ടു നിയമം. പറഞ്ഞാൽ നിങ്ങളും അൽഖയ്ദയാവും. അൽഖയ്ദകളെ കൊയ്തെടുത്ത് ദേശീയ മതേതര ജനാധിപത്യ വികാരം വിജ്രംഭിതമാക്കുക എന്നതാണ് നമ്മുടെ കടമ. ഈ കടമ ആയിരത്തൊന്ന് തവണ ആവർത്തിച്ചു നിർവഹിച്ച ആളാണ് പക്ഷേ, ന്യൂയോർക്കിലെ മുറിയിൽ പൂട്ടിയിടപ്പെട്ടത്.

അണ്ടിയോടടുക്കുമ്പോൾ മാങ്ങയുടെ പുളിപ്പറിയുമെന്നാണ് ചൊല്ല്. മമ്മൂട്ടിക്ക് സ്വന്തം ഐഡന്റിറ്റിയുടെ പുളിപ്പറിയാൻ ഒരു പക്ഷേ ഇനിയും സമയമെടുത്തേക്കാം. മമ്മൂട്ടിയെക്കേൾ കേമയായ ഷബ്നം ഹശ്മിക്ക് ഇത് ഇപ്പോൾ ഏതാണ്ടൊക്കെ തിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നാണ് അവരുടെ പുതിയ പല സംസാരങ്ങളിൽ നിന്നും തെളിയുന്നത്.

മതേതര ദേശീയ ജനാധിപത്യം സാർവദേശീയ മനുഷ്യാവകാശം വിജയിപ്പൂതാക! ■